A

# സമഗ്ര ശിക്ഷാ, കേരളം
## പാദവാർഷിക മൂല്യനിർണയം 2019-20
## ഉദ്ഗ്രഥനം - രണ്ടാം ദിവസം

202

ക്ലാസ് : 2

പേര്: ........................................ സ്കൂൾ:........................................

പാടവരമ്പിലൂടെ... അരയാലിൻ കീഴിലൂടെ... മാവിൻചോട്ടിലൂടെ...
നന്ദനയും കൂട്ടുകാരും സ്കൂളിലേക്ക് യാത്ര തുടങ്ങി.
തവളകൾ പേക്രോം പേക്രോം കരയാൻ തുടങ്ങി.
തവളക്കൂട്ടത്തിന്റെ കരച്ചിൽ കേട്ട് കൂട്ടുകാരോടൊപ്പം നന്ദനയും പാടി.

**പ്രവർത്തനം.6** **വരികൾ കൂട്ടിച്ചേർക്കാം** നിലവാരസൂചിക



പാടവരമ്പിൽ തവളക്കൂട്ടം
പേക്രോം പേക്രോം കരയുന്നു.
ആലിൻമുകളിൽ കുയിലിൻകൂട്ടം
കൂ കൂ കൂ കൂ കൂവുന്നു.



..........................................................................................

..........................................................................................

..........................................................................................

..........................................................................................



## പ്രവർത്തനം.7 സാധനങ്ങൾ വാങ്ങാം

നിലവാരസൂചിക

നന്ദനയും കൂട്ടുകാരും സ്കൂളിലെ സത്യസന്ധതാ കടയിലെത്തി. നന്ദന ഒരു ബോക്സും നോട്ടുബുക്കും വാങ്ങി. വിലവിവരപ്പട്ടിക നോക്കി നന്ദന പണപ്പെട്ടിയിലിടേണ്ട തുക കണ്ടെത്തൂ.

| വിലവിവരപ്പട്ടിക | |
|---|---|
| നോട്ടുബുക്ക് | 16 രൂപ |
| പേന | 7 രൂപ |
| ബോക്സ് | 22 രൂപ |
| റബ്ബർ | 3 രൂപ |
| സ്കെയിൽ | 12 രൂപ |

നന്ദന വാങ്ങിയ സാധനങ്ങളുടെ തുക എത്ര?

കൂട്ടുകാർ വാങ്ങിയ സാധനങ്ങളുടെ തുക എത്ര?

സ്റ്റീഫൻ

| | |
|---|---|
| സ്കെയിൽ | |
| നോട്ടുബുക്ക് | |
| ആകെ | |

ഫാത്തിമ

| | |
|---|---|
| ബോക്സ് | |
| സ്കെയിൽ | |
| ആകെ | |

അഭിനന്ദിന്റെ കൈയിൽ 19 രൂപ ഉണ്ടായിരുന്നു. അവൻ 7 രൂപ വിലയുള്ള ഒരു പേന വാങ്ങി. അവന്റെ കൈയിൽ എത്ര രൂപ ബാക്കിയുണ്ടാവും?

പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ഖദീജക്ക് കൂട്ടുകാരും അധ്യാപകരും ചേർന്ന് പുതിയ വീടുവെച്ചു നൽകുന്നുണ്ട്. ഒരേ സമയം പല പണികൾ നടക്കുന്നു. നന്ദനയും കൂട്ടുകാരും വീടുപണി നടക്കുന്ന സ്ഥലത്തെത്തി. അവർ വീടുനിർമാണവുമായി ബന്ധപ്പെട്ട വിവിധ ജോലികൾ നോക്കിക്കണ്ടു.

**പ്രവർത്തനം.8 നാട്ടിലെ തൊഴിലുകൾ**

നിലവാരസൂചിക

കെട്ടിടനിർമാണവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന തൊഴിലുക ളുടെ പേരുകൾ കണ്ടെത്തി വട്ടത്തിലാക്കുക.

തയ്യൽ
എഞ്ചിനീയറിംഗ്
കോൺക്രീറ്റ് പണി
കണ്ടക്ടർ
മരപ്പണി
മെക്കാനിക്ക്
പെയിന്റിംഗ്
വാച്ച് റിപ്പയറിംഗ്
കല്പണി
സ്വർണപ്പണി
വയറിംഗ്

നെൽകൃഷിയുമായി ബന്ധപ്പെട്ട രണ്ടു തൊഴിലുകളുടെ പേരെഴുതൂ.

നല്ല വീട്. കൊച്ചു വീട്.
നന്ദനയും കൂട്ടുകാരും അകത്തേയ്ക്കുകയറി.
വരാന്ത, മുറ്റം, കിടപ്പുമുറി, അടുക്കള, കുളിമുറി എല്ലാമുണ്ട്.
ഓരോ മുറിയും വ്യത്യസ്ത ആവശ്യങ്ങൾക്കാണുപയോഗിക്കുന്നത്.
എന്തിനെല്ലാം?

**പ്രവർത്തനം.9 മുറികൾ ഉപയോഗങ്ങൾ**

നിലവാരസൂചിക

മുറികളുടെ ഉപയോഗം എഴുതൂ.



അടുക്കള



കിടപ്പുമുറി



ശുചിമുറി

വീടിനെന്തിനാണ് ജനലുകളും വാതിലുകളും?

| | |
|---|---|
|  | |
|  | |

ഫീൽഡ്ട്രിപ്പ് കഴിഞ്ഞു. കൂട്ടുകാർ ക്ലാസിലെത്തി.
ക്ലാസിൽ മുത്തുകൾ ചിതറിക്കിടക്കുന്നു. അബാക്കസ് മറിഞ്ഞു വീണതാ.
അവർ അബാക്കസിൽ മുത്തുകൾ കോർത്തു.

**പ്രവർത്തനം.10** **സംഖ്യ കണ്ടെത്താം** നിലവാരസൂചിക

അബാക്കസിലെ സംഖ്യകൾ കണ്ടെത്തിയെഴുതൂ.

സാവിത്രി




രാജു




നന്ദന




ഫൈസൽ




അശ്വിൻ




വിപിൻ




സംഖ്യകളെ ചെറുതിൽ നിന്നും വലുതിലേക്ക് ക്രമീകരിക്കൂ.